കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - പാലക്കാട് ജില്ലയിൽ ഒറ്റപ്പാലം താലൂക്കിൽ ഷൊർണ്ണൂർ 2 വില്ലേജിൽ സർവ്വെ നമ്പർ 261/1 ൽ പ്പെട്ട വസ്തുവിൽ നിന്നും 50 സെന്റ് ഭൂമി എൻ.സി.സി 28-ാം കേരള ബറ്റാലിയൻ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി രണ്ട് സേവനവകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾ പ്രകാരം ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി ഭൂമിയുടെ കൈവശാവകാശം എൻ.സി.സി. വകുപ്പിന് കൈമാറി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (എൽ) വകുപ്പ്

**സ.ഉ (എം.എസ്) നമ്പർ.290/2019/റവ** **തീയതി, തിരുവനന്തപുരം,18/9/2019**

---

പരാമർശം:- 1) പാലക്കാട് ജില്ലാ. കളക്ടറുടെ 16.05.2017-ലെ എൽ.ആർ.ജി2-2013/31553/9 നമ്പർ കത്ത്.

2) ലാൻഡ് റവന്യൂ കമ്മീഷണറുടെ 21.06.2017 ലെ എൽ.ആർ.ജെ9-27114/17 നമ്പർ കത്ത്

3) എൻ.സി.സി അഡീഷണൽ ഡയറക്ടർ ജനറലിന്റെ 12.11.2018 ലെ 3706/പി3-പബ്/2016/എൻ.സി.സി നമ്പർ കത്ത്. → (A)

## ഉത്തരവ്

പാലക്കാട് ജില്ലയിൽ ഒറ്റപ്പാലം താലൂക്കിൽ ഷൊർണ്ണൂർ 2 വില്ലേജിൽ കളപ്പള്ളി ദേശം ഐ.പി.റ്റി & ജി.പി.റ്റി കോളേജിന്റെ അധീനതയിലുള്ള സർവ്വെ നമ്പർ 261/1 ൽപ്പെട്ട വസ്തുവിൽ നിന്ന് 50 സെന്റ് സ്ഥലം എൻ.സി.സി അധികൃതർ ആവശ്യപ്പെട്ടിരുന്നു. തുടർന്ന് ജില്ലാ കളക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പരാമർശം (2) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ ലഭ്യമാക്കിയിരുന്നു.

2) ഷൊർണ്ണൂർ 2 വില്ലേജിൽ കളപ്പള്ളി ദേശം ഐ.പി.റ്റി & ജി.പി.റ്റി കോളേജിന്റെ അധീനതയിലുള്ള സർവ്വെ നമ്പർ 261/1 ൽപ്പെട്ട വസ്തുവിൽ നിന്ന് 50 സെന്റ് സ്ഥലം ആണ് എൻ.സി.സി ആവശ്യപ്പെട്ടിട്ടുള്ളത്. ടി സ്ഥലം മുൻസിപ്പാലിറ്റി പരിധിയിൽപ്പെടുന്നതാണ്. കളപ്പള്ളിൽ നിന്ന് പട്ടാമ്പി റോഡിൽ ഉദ്ദേശം 1.5 കി.മീ മാറി റോഡിന് വടക്കായി ഐ.പി.റ്റി വക ഭൂമിയുടെ കിഴക്ക്, തെക്ക്, പടിഞ്ഞാറ് അതിർത്തികൾ പങ്കിടുന്നു. ടി വസ്തുവിന് ആറൊന്നിന് 2,10,207/- രൂപ (രണ്ട് ലക്ഷത്തി പതിനായിരത്തി ഇരുന്നൂറ്റി ഏഴ് രൂപ മാത്രം) നിരക്കിൽ ആകെ 50 സെന്റ് (20.24 ആർ) ഭൂമിയുടെ കമ്പോളവില 42,54,590/-(നാൽപ്പത്തിരണ്ട് ലക്ഷത്തി അമ്പത്തിനാലായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ് രൂപ മാത്രം) ആണ്. ഭൂമി അനുവദിക്കുന്നതിന് തടസ്സമൊന്നുംതന്നെ ഇല്ലായെന്ന് ഷൊർണ്ണൂർ ഐ.പി.റ്റി & ജി.പി.റ്റി കോളേജ് പ്രിൻസിപ്പൽ അറിയിച്ചിട്ടുണ്ട്. എൻ.സി.സി വകുപ്പ് സേവന വകുപ്പാകയാൽ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി ഉപയോഗാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് എൻ.സി.സി ഡയറക്ടർ പരാമർശം (3) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പാലക്കാട് ജില്ലയിൽ ഒറ്റപ്പാലം താലൂക്കിൽ ഷൊർണ്ണൂർ 2 വില്ലേജിൽ സർവ്വെ നമ്പർ 261/1 ൽ പ്പെട്ട വസ്തുവിൽ നിന്നും 50 സെന്റ് (20.24 ആർ) ഭൂമി എൻ.സി.സി 28-ാം കേരള ബറ്റാലിയൻ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി രണ്ട് സേവനവകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾ പ്രകാരവും താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായും ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി ഭൂമിയുടെ കൈവശാവകാശം എൻ.സി.സി. വകുപ്പിന് കൈമാറി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ;
ii. ഭൂമി ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ അന്യാധീനപ്പെടുത്തുവാനോ പാടുള്ളതല്ല;
iii. ഭൂമി പാട്ടത്തിന്/ഉപപാട്ടത്തിന്/തറവാടകയ്ക്ക് നൽകുവാനോ, അന്യാധീനപ്പെടുത്തുവാനോ പാടില്ല;
iv. ഭൂമി എല്ലാതരത്തിലുള്ള കയ്യേറ്റങ്ങളിൽ നിന്നും എൻ.സി.സി വകുപ്പ് തന്നെ സംരക്ഷിച്ച നിർത്തേണ്ടതാണ്;

v. ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാടുള്ളതല്ല, അഥവാ മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂട്ടി അനുവാദം വാങ്ങിയശേഷമേ മുറിക്കുവാൻ പാടുള്ളൂ. കൂടാതെ മുറിക്കുന്നതിന്റെ 3 ഇരട്ടി എണ്ണം വൃക്ഷത്തൈകൾ നട്ട് വളർത്തി പരിപാലിക്കേണ്ടതുമാണ്.

vi. ഭൂമി അനുവദിക്കുന്ന തീയതി മുതൽ ഒരു വർഷത്തിനകം തന്നെ നിർദ്ദിഷ്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്.

vii. പ്രസ്തുത സംരംഭം പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലും ഉടമസ്ഥതയിലും ഉള്ളത് ആകണം.

viii. മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ഒന്ന് ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം തിരികെ റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ്.

4) ഇക്കാര്യത്തിലുള്ള നിയമാനുസൃത തുടർനടപടികൾ പാലക്കാട് ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

വേണു.വി

പ്രിൻസിപ്പൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ജില്ലാ കളക്ടർ, പാലക്കാട്
തഹസിൽദാർ, ഒറ്റപ്പാലം താലൂക്ക്, പാലക്കാട്.
അഡീഷണൽ ഡയറക്ടർ ജനറൽ, എൻ.സി.സി ഡയറക്ടറേറ്റ്, തിരുവനന്തപുരം
ഓഫീസർ കമാന്റിംഗ്, എൻ.സി.സി 28 -ാം കേരള ബറ്റാലിയൻ, ഒറ്റപ്പാലം, പാലക്കാട് - 679102
ഉന്നതവിദ്യാഭ്യാസ (എ) വകുപ്പ് (എ 2/207/2017/ഉ.വി.വ പ്രകാരം)
ധനകാര്യ എക്സ്പെന്റിച്ചർ (എ) വകുപ്പ് (Exp-A2-211/19-Fin പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ് (05.09.2019 ലെ മന്ത്രിസഭായോഗ തീരുമാനം നം. 3336 പ്രകാരം)
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

20/5/19

6909.